REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 27-06-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനം ആരംഭിച്ചു.**
- **പ്രധാനമന്ത്രിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ രാവിലെ 11 ന്**
- **കേരള എൻജിനീയറിംഗ്, ഫാർമസി പ്രവേശന പരീക്ഷ ഫലം അൽപ്പസമയത്തിനകം**
- **സംസ്ഥാനത്ത് പൾസ് പോളിയോ തുള്ളി മരുന്ന് വിതരണം നാളെ.**
- **ഫിഫ ലോകകപ്പ് ഫുട്ബോളിൽ ബെൽജിയം ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് ന്യൂസിലാൻഡിനെ പരാജയപ്പെടുത്തി.**

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ മൂന്ന് ദിവസത്തെ സീഷെൽസ് സന്ദർശനം ആരംഭിച്ചു. സീഷെൽസിന്റെ ദേശീയ ദിന സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പ്രധാനമന്ത്രി മുഖ്യാതിഥിയായി പങ്കെടുക്കും. 2015 ലാണ് പ്രധാനമന്ത്രി അവസാനമായി സീഷെൽസ് സന്ദർശിച്ചത്. ഇന്ത്യൻ പ്രതിരോധ സേനയുടെ ഒരു സംഘവും രണ്ട് ഇന്ത്യൻ നാവികസേനാ കപ്പലുകളും സുവർണ്ണ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുക്കുമെന്ന് വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

സീഷെൽസ് പ്രസിഡന്റ് ഡോ.പാട്രിക് ഹെർമിനിയുമായി പ്രധാനമന്ത്രി ചർച്ച നടത്തും. ഉഭയകക്ഷി സഹകരണം അവലോകനം ചെയ്യുന്ന ഇരുവരും പ്രാദേശിക, അന്തർദേശീയ വിഷയങ്ങളിൽ കാഴ്ചപ്പാടുകളും കൈമാറും.

✪✪✪

അന്താരാഷ്ട്ര സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക ദിനത്തോടനുബന്ധിച്ച് 'ഉദ്യമി ഭാരത്' സമ്മേളനം ഇന്ന് ന്യൂഡൽഹിയിൽ നടത്തും. ഉപരാഷ്ട്രപതി CP രാധാകൃഷ്ണൻ അധ്യക്ഷനാവും. രാജ്യത്തെ MSME മേഖലയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അത്യാധുനിക ഡിജിറ്റൽ പോർട്ടലുകളും പദ്ധതികളും ഉപരാഷട്രപതി ഇന്ന് ഉദ്ഘാടനം ചെയ്യും. നൂതനാശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ വരെ സാമ്പത്തിക സഹായം നൽകുന്ന 'MSME ഐഡിയ ഹാക്കത്തോൺ 6.0' പദ്ധതിക്കും ഇന്ന് തുടക്കമാകും.

✪✪✪

ഉപരാഷ്ട്രപതി C.P രാധാകൃഷ്ണൻ രണ്ടു ദിവസത്തെ സന്ദർശനത്തിന് ഇന്ന് കർണാടകയിലെത്തും. ബംഗളൂരുവിൽ നാദപ്രഭു കെമ്പഗൗഡയുടെ ജന്മവാർഷികത്തിൽ അദ്ദേഹം പങ്കെടുക്കും. തുടർന്ന് രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസസിന്റെ സ്ഥാപക ദിനാചരണത്തിലും ഉപരാഷ്ട്രപതി പങ്കെടുക്കും.

✪✪✪

സമഗ്ര സാമ്പത്തിക, വ്യാപാര കരാറിലൂടെ ഇന്ത്യ-UK ബന്ധം നിർണായക നാഴികക്കല്ലിലേക്ക് നീങ്ങുകയാണെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയൽ പറഞ്ഞു. ലണ്ടനിൽ ബിസിനസ് പ്ലീനറി സെഷനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

സമഗ്ര സാമ്പത്തിക, വ്യാപാര കരാറിന്റെ വളർച്ചയ്ക്കായി പുതിയ അതിർത്തികൾ തുറന്നതിനാൽ ഇരു രാജ്യങ്ങളിലെയും ബിസിനസ് ഇടപഴകൽ വർദ്ധിപ്പിക്കാനും, നവീകരണം ത്വരിതപ്പെടുത്താനും, നിക്ഷേപങ്ങൾ അഭിവൃദ്ധിപ്പെടുത്താനും അദ്ദേഹം ആവശ്യപ്പെട്ടു.

✪✪✪

രാജ്യത്തെ ആദ്യ സഹകരണാധിഷ്ഠിത ടാക്സി സർവിസായ ഭാരത് ടാക്സി ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ഗുജറാത്തിൽ ഉദ്ഘാടനം ചെയ്യും. ടാക്സി ഡ്രൈവർമാരുടെ ഉന്നമനത്തിനാണ് ഡിജിറ്റൽ പ്ലാറ്റ്ഫോമായ ഭാരത് ടാക്സി പ്രാധാന്യം നൽകുന്നത്. സേവന ദാതാക്കൾ എന്നതിൽ നിന്നും സംരംഭകർ എന്ന തലത്തിലേക്ക് ഉയർത്തുന്നതിലൂടെ ഈ പദ്ധതി ടാക്സി ഡ്രൈവർമാർക്ക് സ്വയം പര്യാപ്തതയും സാമ്പത്തിക സുരക്ഷിതത്വവും ഉറപ്പാക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവെയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് നാളെ  രാവിലെ 11 ന് . പരിപാടിയുടെ 135 -ാം പതിപ്പാണിത്.

ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലകളിലും മൻ കി ബാത് പ്രക്ഷേപണം ചെയ്യും.  ഇതിനുപുറമെ , AIR  ന്യൂസ് വെബ്സൈറ്റിലും, ന്യൂസ് ഓൺ AIR  മൊബൈൽ ആപ്പിലും, ആകാശവാണി, ദൂരദർശൻ, പ്രധാനമന്ത്രിയുടെ ഓഫീസ്, വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും മൻ കി ബാത് കേൾക്കാം. പ്രധാനമന്ത്രിയുടെ ഹിന്ദി പ്രഭാഷണത്തിന് ശേഷം പ്രാദേശിക നിലയങ്ങൾ  മൻ കീ ബാത്തിന്റെ പരിഭാഷയും  പ്രക്ഷേപണം ചെയ്യും.

✪✪✪

കേരള എൻജിനീയറിംഗ്, ഫാർമസി പ്രവേശന  പരീക്ഷ ഫലം അൽപ്പസമയത്തിനകം പ്രഖ്യാപിക്കും. എറണാകുളം കളമശേരി, പത്തടിപാലം ഗവൺമെന്റ് റെസ്റ്റ് ഹൗസിൽ ഉച്ചക്ക് ഒരു മണിക്ക്  മന്ത്രി റോജി. M. ജോൺ ഫലപ്രഖ്യാപനം നടത്തും.

✪✪✪

പ്ലസ് വൺ പ്രവേശനത്തിന്റെ മുഖ്യഘട്ടത്തിലെ അവസാന അലോട്ട്മെന്റ് നാളെ പ്രസിദ്ധീകരിക്കും. തിങ്കൾ രാവിലെ 10 മുതൽ ബുധൻ വൈകിട്ട് 5 വരെ സ്കൂളുകളിൽ പ്രവേശനം നേടാം.

✪✪✪

തിരുവനന്തപുരം വിക്രം സാരാഭായ് ബഹിരാകാശ കേന്ദ്രത്തിന്റെ പുതിയ ഡയറക്ടറായി പ്രമുഖ ശാസ്ത്രജ്ഞൻ ഡോ. U.P രാജീവിനെ നിയമിച്ചു. VSSC ലെ അസോസിയേറ്റ് ഡയറക്ടർ ആയിരുന്നു അദ്ദേഹം.

ISRO യുടെ ചരിത്രപ്രധാനമായ ഒട്ടുമിക്ക വിക്ഷേപണ വാഹനങ്ങളുടെയും മിഷൻ ഡിസൈനിലും സിമുലേഷനുകൾക്കും നേതൃത്വം നൽകിയ വ്യക്തിയാണ് ഡോ. രാജീവ്.

✪✪✪

കോപ്പർ - ക്ലോറിൻ തെർമോ കെമിക്കൽ പ്രക്രിയയെ അടിസ്ഥാനമാക്കി പ്രവർത്തിക്കുന്ന ലോകത്തിലെ  ആദ്യ ഹൈഡ്രജൻ ഉല്പാദന യൂണിറ്റ് കൽപാക്കത്തെ ഇന്ദിരാഗാന്ധി ആണവ ഗവേഷണ നിലയത്തിൽ ആരംഭിച്ചു. കേന്ദ്ര ആണവോർജ വകുപ്പ് സെക്രട്ടറി അജിത് കുമാർ മോഹാന്റി ഉദ്ഘാടനം ചെയ്തു. കാർബൺ രഹിത വൈദ്യുതോല്പാദനം ഉൾപ്പെടെ ഊർജ രംഗത്ത്

ഇത് വൻ മുന്നേറ്റത്തിന് തുടക്കം കുറിക്കുമെന്നു മോഹാന്റി വാർത്താ സമ്മേളനത്തിൽ അറിയിച്ചു.

✪✪✪

വെനസ്വേലയിൽ, തുടർച്ചയായ രണ്ട് ഭൂകമ്പങ്ങളിൽ മരിച്ചവരുടെ എണ്ണം 920 ആയി. മൂവായിരത്തി മുന്നൂറ് പേർക്ക് പരിക്കേറ്റു. തലസ്ഥാനത്തിന് സമീപം ഇന്നലെ ഉണ്ടായ ഭൂകമ്പത്തിൽ രക്ഷാപ്രവർത്തനം തുടരുകയാണ്.

ദുരിതാശ്വാസ- രക്ഷാപ്രവർത്തനങ്ങളെ പിന്തുണയ്ക്കാൻ ഇന്ത്യ ഉൾപ്പെടെ രാജ്യങ്ങളുടെ സന്നദ്ധതയെ സ്വാഗതം ചെയ്ത പ്രസിഡന്റ് ഡെൽസി റോഡ്രിക്സ് വെനസ്വേലയ്ക്ക് ലഭിച്ച ഐക്യദാർഢ്യത്തിന് നന്ദി അറിയിക്കുകയും ചെയ്തു.

✪✪✪

മദ്യനയം UDF ആലോചിച്ച് തീരുമാനിക്കുമെന്ന് മന്ത്രി PK ബഷീർ പറഞ്ഞു. ഇക്കാര്യത്തിൽ ലീഗും മറ്റ് ഘടകകക്ഷി നേതാക്കളും അഭിപ്രായം അറിയിക്കുമെന്നും മന്ത്രി കോഴിക്കോട്ട് പറഞ്ഞു.

✪✪✪

വീര്യം കുറഞ്ഞ മദ്യ വിവാദത്തിൽ ഫയലുകൾ അതിവേഗം നീക്കിയത് LDF ഗവൺമെന്റാണെന്ന് മന്ത്രി PK കുഞ്ഞാലിക്കുട്ടി പറഞ്ഞു. മദ്യനയത്തിൽ എന്ത് വേണമെന്ന് UDF തീരുമാനിക്കുമെന്ന് അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

പ്രശസ്ത തമിഴ് ചലച്ചിത്ര സംവിധായകനും നടനുമായ കെ. ഭാഗ്യരാജ് അന്തരിച്ചു. 73 വയസ്സായിരുന്നു. ഹൃദയാഘാതത്തെ തുടർന്ന് ചെന്നൈയിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. എഴുപതുകളുടെ അവസാനം സംവിധായകനായി അരങ്ങേറി. മുന്താണൈ മുടിച്ച്, ചിന്നവീട്, സിഗപ്പു റോജാക്കൽ, തുടങ്ങിയവ അദ്ദേഹത്തിന്റെ മികച്ച ചിത്രങ്ങളിൽ ചിലതാണ്.

✪✪✪

സംസ്ഥാനത്ത് പൾസ് പോളിയോ തുള്ളി മരുന്ന് നാളെ വിതരണം ചെയ്യും. അഞ്ചിനു താഴെ പ്രായക്കാരായ 19 ലക്ഷത്തി 80,224 കുട്ടികൾക്കാണ് തുള്ളിമരുന്ന് നൽകുക. ഇതിന് 22,288 ബൂത്തുകൾ സജ്ജീകരിക്കും. തുള്ളിമരുന്ന് നൽകാൻ 46,663 സന്നദ്ധപ്രവർത്തകരെയും നിയോഗിക്കും.

സാധാരണ ബൂത്തുകൾക്ക് പുറമേ യാത്രാവേളയിൽ കുഞ്ഞുങ്ങൾക്ക് വാക്സിൻ നൽകുന്നതിനു 539 ട്രാൻസിറ്റ് ബൂത്തുകൾ, 283 മൊബൈൽ ബൂത്തുകൾ എന്നിവയും ക്രമീകരിക്കും.

✪✪✪

സംസ്ഥാനത്ത്  ഇന്നലെ എട്ട് പേർക്ക് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചു. കോഴിക്കോട് 3, വയനാട് 2, എറണാകുളം, തൃശൂർ, മലപ്പുറം എന്നീ ജില്ലകളിൽ ഓരോരുത്തർക്കുമാണ്  രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്ത് ഈ മാസം 180 പേർക്ക് രോഗബാധയും 6 മരണവും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.  ഈ വർഷം ഇതുവരെ 256 പേർക്കാണ് ഷിഗെല്ല രോഗബാധ സ്ഥിരീകരിച്ചത്.

✪✪✪

നിപാബാധിതന്റെ സമ്പർക്കപ്പട്ടികയിൽ 21 ദിവസത്തെ നിരീക്ഷണം പൂർത്തിയാക്കിയ ഉയർന്ന റിസ്ക് വിഭാഗത്തിൽപെട്ട ഒരാളെ ക്വാറന്റൈനിൽ നിന്നു ഒഴിവാക്കി. രോഗബാധിതന്റെ സഹപ്രവർത്തകനായിരുന്നു ഇദ്ദേഹം. നിരീക്ഷണ വേളയിൽ ഒരു രോഗലക്ഷണങ്ങളും ഉണ്ടാകാത്തതിനെ തുടർന്നാണിത്. ഉയർന്ന റിസ്ക് വിഭാഗത്തിൽ നിന്ന്  രോഗിയുമായി അടുത്തു സമ്പർക്കം പുലർത്തിയ ഒരാളെ ആദ്യമായാണ് ഒഴിവാക്കുന്നത്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ വെൻറിലേറ്ററിൽ ചികിത്സ തുടരുന്ന നിപ രോഗബാധിതന്റെ സമ്പർക്ക പട്ടികയിലെ ആരെയും പുതുതായി ആശുപത്രിയിൽ  പ്രവേശിപ്പിച്ചിട്ടില്ല.

രോഗബാധ റിപ്പോർട്ട് ചെയ്ത രാമനാട്ടുകര മുനിസിപ്പാലിറ്റിയിലെ 69 വീടുകളിൽ കൂടി ആരോഗ്യ പ്രവർത്തകർ ഇന്നലെ  സന്ദർശനം നടത്തി.

✪✪✪

ഫിഫ ലോകകപ്പ് ഫുട്ബോളിൽ രാവിലെ നടന്ന മത്സരത്തിൽ ബെൽജിയം ഒന്നിനെതിരെ അഞ്ച് ഗോളുകൾക്ക് ന്യൂസിലാൻഡിനെ പരാജയപ്പെടുത്തി. മറ്റൊരു മത്സരത്തിൽ  ഇറാനും ഈജിപ്തും ഒരോ ഗോൾ  നേടി സമനിലയിൽ പിരിഞ്ഞു.

✪✪✪

ഇന്ത്യ – അയർലണ്ട് ട്വന്റി ട്വന്റി ക്രിക്കറ്റ്  പരമ്പരയിലെ ആദ്യ മത്സരത്തിൽ അയർലൻഡിന് ജയം. അയർലെൻഡ് ഉയർത്തിയ 183 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ഇന്ത്യ 148 റൺസിന് എല്ലാവരും പുറത്തായി.

✪✪✪

FIH പ്രോ ലീഗ് പുരുഷ വിഭാഗം ഹോക്കിയിൽ ഇന്ത്യ പാകിസ്ഥാനെ പരാജയപ്പെടുത്തി. ലണ്ടനിൽ ഒന്നിനെതിരെ ഏഴ് ഗോളിനാണ് ഇന്ത്യയുടെ ജയം. നാളെ ഇംഗ്ലണ്ടുമായാണ് ഇന്ത്യയുടെ അടുത്ത മത്സരം.

✪✪✪

കേരളാഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് സംസ്ഥാന കമ്മിറ്റിയുടേയും കോഴിക്കോട് കോർപ്പറേഷൻ സമന്വയ പ്രോജക്ടിന്റെയും സംയുക്താഭിമുഖ്യത്തിൽ, ഹെലൻ കെല്ലറുടെ 147-ാമത് ജന്മദിനവും കാഴ്ചപരിമിതരായ വനിതകളുടെ സംസ്ഥാന സംഗമവും പുതിയറ എസ്.കെ പൊറ്റക്കാട് ഓഡിറ്റോറിയത്തിൽ നടന്നു. പരിപാടിയുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി പി.കെ ബഷീർ നിർവ്വഹിച്ചു..

✪✪✪

ഇടുക്കി ഇടമലക്കുടി ഗോത്രവർഗ മേഖലയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി 'കോഴിയും കൂടും' പദ്ധതിക്ക് തുടക്കമായി. കുടുംബശ്രീയുടെ ആഭിമുഖ്യത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

വിവരങ്ങളുമായി രതീഷ് കൃഷ്ണ

....................വോയിസ് ....................

ഗോത്രമേഖലയിലെ ജനങ്ങളുടെ ആരോഗ്യനിലവാരം മെച്ചപ്പെടുത്തുന്നതിനൊപ്പം അവർക്ക് സ്ഥിരമായ ഒരു ഉപജീവനമാർഗ്ഗം ഉറപ്പാക്കുകയുമാണ് കോഴിയും കൂടും പദ്ധതിയുടെ ലക്ഷ്യം. ഇരുപതിനായിരം രൂപ ചെലവ് വരുന്ന ഒരു യൂണിറ്റിൽ പത്ത് കോഴികൾ, ഒരു കോഴിക്കൂട്, ഇരുപത്തിയഞ്ച് കിലോഗ്രാം കോഴിത്തീറ്റ, ആവശ്യമായ വാക്സിനുകൾ എന്നിവയാണ് ഗുണഭോക്താക്കൾക്ക് നൽകുന്നത്.

ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ട മുപ്പത്തിയേഴ് ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും.

ഇടമലക്കുടിയിൽ നടന്ന ഉദ്ഘാടന ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധികൾ, കുടുംബശ്രീ സംസ്ഥാന-ജില്ലാ മിഷൻ കോർഡിനേറ്റർമാർ, പ്രോഗ്രാം മാനേജർമാർ, വിവിധ ഏജൻസി പ്രതിനിധികൾ, അനിമേറ്റർമാർ, കുടുംബശ്രീ പ്രവർത്തകർ, എന്നിവരും കുടി നിവാസികളും പങ്കെടുത്തു.

✪✪✪

വെള്ള, നീല  റേഷൻ കാർഡുകൾ  പിങ്ക് കാർഡായി തരംമാറ്റാൻ ഇന്ന് മുതൽ അടുത്തമാസം 17 വരെ ഓൺലൈനായി അപേക്ഷിക്കാമെന്ന് പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മിഷണർ അറിയിച്ചു.

അർഹരായ കാർഡുടമകൾ ബന്ധപ്പെട്ട രേഖകൾ സഹിതം അക്ഷയ കേന്ദ്രങ്ങൾ വഴിയോ സിറ്റിസൺ ലോഗിൻ പോർട്ടൽ മുഖേനയോ ഓൺലൈൻ ആയി അപേക്ഷിക്കണം.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ മഴ ശക്തമാകുമെന്ന്  കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി.  മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്.

ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യത കണക്കിലെടുത്ത് കേരള - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

കണ്ണൂരിൽ സംസ്ഥാന ഇന്റർ പോളിടെക്നിക് കലോത്സവം ഇന്ന് സമാപിക്കും. സമാപന സമ്മേളനം ഉച്ചക്ക് മന്ത്രി സണ്ണി ജോസഫ് ഉദ്ഘാടനം ചെയ്യും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ഓപ്പറേഷൻ തൂഫാൻ ലഹരിവിരുദ്ധ ക്യാമ്പയിനിന്റെ ഭാഗമായി അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോടനുബന്ധിച്ച് സ്റ്റുഡൻസ് പോലീസ് കേഡറ്റ് & കുന്ദമംഗലം പോലീസ് സ്റ്റേഷനും സംയുക്തമായി വാക്കത്തോണും ജനകീയ പ്രതിജ്ഞയും സംഘടിപ്പിച്ചു.  MA റസാഖ്  MLA  ഉദ്ഘാടനം ചെയ്തു.

✪✪✪

KSEB ഓഫീസിൽ നിന്ന് അലുമിനിയം കമ്പി മോഷ്ടിച്ച KSEB ഉദ്യോഗസ്ഥനും കരാർ ജോലിക്കാരുമടക്കം അഞ്ചുപേരെ പൊലീസ് അറസ്റ്റ് ചെയ്തു. വഴിക്കടവ് KSEB ഓഫീസിൽനിന്ന് 100 കിലോ അലുമിനിയം കമ്പി മോഷ്ടിച്ച പ്രതികളെയാണ് വഴിക്കടവ് പൊലീസ് അറസ്റ്റ് ചെയ്തത്. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാൻഡ് ചെയ്തു.

✪✪✪

*News Editor :  ശ്രുതി എം*
*News Reader:  മണികണ്ഠൻ*
*News Team: രജിന കെ, ശ്രിജി പൂവത്തിങ്കൽ*
*DEO: സി കെ സുബോധ്*